"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ) - വലിയകടമക്കുടി-ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ വളവ് ഒഴിവാക്കുന്നതിനായി ജിഡയുടേയും സ്വകാര്യ വ്യക്തികളുടേയും കൈവശമുള്ള ഭൂമി പരസ്പരം കൈമാറ്റം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1973/2024/LSGD തീയതി,തിരുവനന്തപുരം, 18-10-2024

---

പരാമർശം:- 1. ജിഡ സെക്രട്ടറിയുടെ 17.10.2024 തീയതിയിലെ 1413/2021/ജിഡ നമ്പർ കത്ത്

2. എറണാകുളം ജില്ലാ കളക്ടറുടെ 07.02.2024 തീയതിയിലെ DCEKM/12980/2023-L7 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഗോശ്രീ ദ്വീപ് വികസന അതോറിറ്റി നിർമ്മിക്കുന്ന വലിയ കടമക്കുടി - ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡ് ആരംഭിക്കുന്ന ഭാഗത്തും തുടർന്ന് വരുന്ന സർവീസ് റോഡിനും വളവ് വരുന്ന രീതിയിൽ സ്ഥലം ഏറ്റെടുത്ത് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ വിശദ പരിശോധന നടത്തിയതിൽ പാലം ഇറങ്ങി വരുന്ന ഭാഗത്തുള്ള വളവ് ഭാവിയിൽ അപകടങ്ങൾക്ക് കാരണമാകുമെന്നും അപ്രോച്ച് റോഡ് ആരംഭിക്കുന്ന ഭാഗത്ത് പടിഞ്ഞാറ് വശത്തെ സ്വകാര്യ ഭൂമി ഏറ്റെടുത്താൽ മേല്പറഞ്ഞ വളവുകൾ ഒഴിവാക്കാവുന്ന രീതിയിൽ നിർമ്മാണപ്രവർത്തനം നടത്താമെന്നും കണ്ടെത്തിയിരുന്നു.

2. ജിഡയുടെ പാലം നിർമ്മാണത്തിനാവശ്യമായ കടമക്കുടി വില്ലേജിലെ 41/28-ൽ ഉൾപ്പെട്ട 1.76 ആർ വിസ്തീർണ്ണമുള്ള സ്വകാര്യ ഭൂമി, ഭൂമിയുടെ ഉടമകൾ വിട്ടുനൽകാമെന്ന് അറിയിച്ചുകൊണ്ട് സമ്മതപത്രം നൽകിയിട്ടുണ്ടെന്നും പകരമായി ജിഡയുടെ കൈവശമുള്ള പൊന്നും വില നടപടി പ്രകാരം ഏറ്റെടുത്തിട്ടുള്ള 41/29 സർവ്വേ നമ്പരിൽ ഉൾപ്പെട്ട സ്ഥലത്തിൽ നിന്നും 1.62 ആർ സ്ഥലം വിട്ടുനൽകാവുന്നതാണെന്നും ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ചിലവ് സ്വകാര്യ വ്യക്തികൾ വഹിക്കുന്നതാണെന്നും ജിഡ സെക്രട്ടറി പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു.

3. ജിഡയ്ക്ക് നൽകാനുദ്ദേശിക്കുന്ന റീസർവ്വേ 41/28 പ്രകാരമുള്ള സ്ഥലവും ജിഡ തിരികെ നൽകുന്ന റീസർവ്വേ 41/29 പ്രകാരമുള്ള സ്ഥലവും തുല്യമൂല്യം ഉള്ളതാണെന്നും ജിഡ നിർമ്മിക്കാൻ പോകുന്ന അപ്രോച്ച് റോഡിന്റെ വശങ്ങളിൽ ചേർന്ന് സ്ഥിതി ചെയ്യുന്നതാണെന്നും എറണാകുളം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വലിയ കടമക്കുടി - ചാത്തനാട് പാലത്തിന്റെ അപ്രോച്ച് റോഡ്, സർവീസ് റോഡ് എന്നിവയുടെ വളവ് ഒഴിവാക്കി നിർമ്മിക്കുന്നതിനായി കടമക്കുടി വില്ലേജിലെ 41/28-ൽ ഉൾപ്പെട്ട 1.76 ആർ വിസ്തീർണ്ണമുള്ള സ്വകാര്യ ഭൂമി, ജിഡയുടെ കൈവശമുള്ള പൊന്നും വില നടപടി പ്രകാരം

ഏറ്റെടുത്തിട്ടുള്ള 41/29 സർവ്വേ നമ്പരിൽ ഉൾപ്പെട്ട സ്ഥലത്തിൽ നിന്നും 1.62 ആർ സ്ഥലം എന്നിവ പരസ്പരം കൈമാറി ആധാരം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി

ജില്ലാ കളക്ടർ, എറണാകുളം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി(File no.IA3/149/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

സെക്ഷൻ ഓഫീസർ

Date: 18-10-2024 14:23:30